# കേരള ചരിത്ര നായകർ

**കെ.ആർ. രവീന്ദ്രൻ നായർ**



ചരിത്രം, മഹാന്മാരുടെ ജീവചരിത്രമാണെന്ന തോമസ് കാർലൈലിന്റെ വാക്കുകൾ ഇവിടെ അന്വർത്ഥമാവുകയാണ്. 'കേരള ചരിത്ര നായകർ' എന്ന ഈ ഗ്രന്ഥത്തിലൂടെ കടന്നുപോകുമ്പോൾ കേരള ചരിത്രമാണ് നമുക്കു മുന്നിൽ അനാവൃതമാകുന്നത്. പ്രാചീന കേരളത്തിലെ പ്രമുഖ ഭരണകർത്താക്കളായ ആയ് രാജാക്കന്മാർ, കുലശേഖര രാജാക്കന്മാർ തുടങ്ങി മധ്യകാലഘട്ടത്തിലേയും ആധുനിക കാലഘട്ടത്തിലേയും വീരനായകന്മാരെക്കുറിച്ചും ആധ്യാത്മിക ആചാര്യന്മാരെക്കുറിച്ചുമൊക്കെ ഈ ഗ്രന്ഥം വിവരിക്കുന്നു.

വില: ₹ 70/-
SIL-3706

ISBN 978 93-85313-45-5

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

# കേരള ചരിത്ര നായകർ

**കെ.ആർ. രവീന്ദ്രൻ നായർ**

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1942 151

**COLLEGE OF AVIAN SCIENCES & MANAGEMENT**
**KVASU CAMPUS, THIRUVAZHAMKUNNU**

**Acc. No.** 1942 **Call No.**..........................

**This book should be returned on or before the date last given below.**

| | | |
|---|---|---|
| | | |

*Malayalam*
***KERALA CHARITHRA NAYAKAR***
(Heroes of Kerala History)
*by*
Prof. K.R.Raveendran Nair

*First Published:* July 2011
*Second Edition:* November 2015

*Reset at*
SIL-DTP Section

*Printed at*
Vijnanamudranam Press, Nalanda
Thiruvananthapuram 3

*Published by*
The State Institute of Languages, Kerala
Thiruvananthapuram 695 003

© The State Institute of Languages, Kerala
Thiruvananthapuram - 2011

*Copies:* 2100

***Price:*** **Rs 70/-**

ISBN 978-93-85313-45-5

*Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture) New Delhi.*

SIL/3706

# കേരളചരിത്ര നായകർ

(രണ്ടാംപതിപ്പ്)

**പ്രൊഫ. കെ.ആർ. രവീന്ദ്രൻ നായർ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**തിരുവനന്തപുരം**

| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | ഡോ. ബി. സുഗീത |
| കവർ | : | ബ്യൂഗിൾ ബീസ് |

| | | |
|---|---|---|
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | Dr. B. Sugeetha |
| Cover | : | Bugle Bees |

# ആമുഖം

**ച**രിത്രം, മഹാന്മാരുടെ ജീവചരിത്രമാണെന്ന തോമസ് കാർലൈലിന്റെ വാക്കുകൾ ഈ പുസ്തകത്തിലൂടെ അന്വർത്ഥമാവുകയാണ്. 'കേരള ചരിത്രനായകർ' എന്ന ഈ ഗ്രന്ഥത്തിലൂടെ കടന്നുപോകുമ്പോൾ കേരളചരിത്രമാണ് നമുക്കുമുമ്പിൽ അനാവൃതമാകുന്നത്. പ്രാചീന കേരളത്തിലെ പ്രമുഖ ഭരണകർത്താക്കളായ ആയ് രാജാക്കന്മാർ, കുലശേഖര രാജാക്കന്മാർ, വീരനായകരായ വേലുത്തമ്പി ദളവ, കേരളവർമ്മ പഴശ്ശിരാജ, ആധ്യാത്മികാചാര്യന്മാരായ ശങ്കരാചാര്യർ, തുഞ്ചത്തെഴുത്തച്ഛൻ, നവോത്ഥാനനായകരായ നാരായണഗുരു, ചട്ടമ്പിസ്വാമികൾ തുടങ്ങിയവരെക്കുറിച്ചുള്ള പഠനമാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

മഞ്ചേരി എൻ. എസ്. എസ്. കോളെജിൽ പ്രിൻസിപ്പലായിരുന്ന പ്രൊഫ. കെ. ആർ. രവീന്ദ്രൻ നായരാണ് ഗ്രന്ഥകർത്താവ്. ഭാഷാഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി 'ഖിൽജിവംശം' എന്ന പുസ്തകം ഇദ്ദേഹം രചിച്ചിട്ടുണ്ട്. എല്ലാ ചരിത്ര കുതുകികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി ഈ പുസ്തകത്തിന്റെ രണ്ടാംപതിപ്പും പ്രസിദ്ധീകരിക്കുന്നു.

| | |
|---|---|
| നാളന്ദ | പ്രൊഫ. വി. കാർത്തികേയൻ നായർ |
| നവംബർ 2016 | ഡോ. ബി. സുഗീത |

**പ്രൊഫ. കെ.ആർ. രവീന്ദ്രൻ നായർ**

ഭഗൽപ്പൂർ വിശ്വവിദ്യാലയത്തിൽ നിന്ന് എം. എ ഹിസ്റ്ററി, എം. എ. സോഷ്യോളജി പരീക്ഷകൾ പാസ്സായിട്ടുണ്ട്. വിവിധ എൻ. എസ്. എസ്. കോളെജുകളിൽ ലക്ചറർ, പ്രൊഫസർ തസ്തികകളിൽ ജോലി ചെയ്ത്, 1993 ൽ മഞ്ചേരി എൻ. എസ്. എസ്. കോളെജിൽ നിന്ന് പ്രിൻസിപ്പലായി വിരമിച്ചു. സാഫല്യം, വീണ്ടുംപൂക്കാലം വന്ന്, ഓടനാടിന്റെ അസ്തമയം, കുടമാറ്റം (നോവലുകൾ), ഹിസ്റ്ററി ഓഫ് കേരള, ഖിൽജിവംശം, സ്വാതിതിരുനാളും കല്ലനും (ചരിത്രം), കെ. ചിന്നമ്മ ത്യാഗനിധിയായ മഹിളാമന്ദിരം അമ്മ (ജീവചരിത്രം) എന്നിവയാണ് കൃതികൾ.

ഭാര്യ : കെ. ആർ. ആനന്ദം
മക്കൾ : ഡോ. രാധാകൃഷ്ണൻ (യു. എസ്. എ)
രാധേഷ് (എഞ്ചിനീയർ, റിലയൻസ്)
രാഖി (എഞ്ചിനീയർ, ഹാബിറ്റാറ്റ്)

വിലാസം:-
അനർഘ്, ചെറുകരലൈൻ, പൂജപ്പുര, തിരുവനന്തപുരം 695012
ഫോൺ: 0471-2351719

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1 | ചെങ്കുട്ടുവൻ | 11 |
| 2 | ഏഴിമല നന്നൻ | 14 |
| 3 | ആയ് രാജാക്കന്മാർ | 16 |
| 4 | കുലശേഖര രാജാക്കന്മാർ | 19 |
| | *1. കുലശേഖരവർമ്മൻ* | |
| | *2. ചേരമൻ പെരുമാൾ നയനാർ* | |
| | *3. രാമവർമ്മ കുലശേഖരൻ* | |
| | *4. രവിവർമ്മ കുലശേഖരൻ* | |
| 5 | പോർത്തുഗീസ് അതിക്രമങ്ങൾ | 26 |
| 6 | കുഞ്ഞാലിമരയ്ക്കാർ | 31 |
| 7 | ഡച്ച് അധിനിവേശം | 35 |
| 8 | തിരുവിതാംകൂർ രാജാക്കന്മാർ | 39 |
| | *1. മാർത്താണ്ഡവർമ്മ* | |
| | *2. കാർത്തിക തിരുനാൾ രാമവർമ്മ* | |
| 9 | ശക്തൻ തമ്പുരാൻ | 53 |
| 10 | ടിപ്പു സുൽത്താൻ | 57 |
| 11 | കേരളവർമ്മ പഴശ്ശിരാജ | 63 |
| 12 | വേലുത്തമ്പി ദളവ | 69 |
| 13 | സ്വാതിതിരുനാൾ മഹാരാജാവ് | 74 |
| 14 | ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ | 81 |

15 കേരളത്തിന്റെ അതിഥികൾ 86

1. *സെന്റ് തോമസ്*
2. *ഷെയ്ക്ക് സൈനുദ്ദീൻ*
3. *ഹെർമൻ ഗുണ്ടർട്ട്*

16 ആധ്യാത്മിക നായകർ 92

1. *ശങ്കരാചാര്യർ*
2. *തുഞ്ചത്ത് എഴുത്തച്ഛൻ*

17 സാഹിത്യ-കലാ നായകർ 98

1. *കുഞ്ചൻ നമ്പ്യാർ*
2. *രാജാരവിവർമ്മ*

18 നാടോടിപ്പാട്ടിലെ വീരനായകർ 105

1. *ഇരവിക്കുട്ടിപ്പിള്ള പടത്തലവൻ*
2. *ആരോമൽ ചേകവർ*
3. *ഉണ്ണിയാർച്ച*
4. *തച്ചോളി ഒതേനൻ*

19 നവോത്ഥാന നായകർ 112

1. *ചട്ടമ്പിസ്വാമികൾ*
2. *ശ്രീനാരായണ ഗുരു*
3. *വൈകുണ്ഠസ്വാമികൾ*

20 ചില ചരിത്രവിശേഷങ്ങൾ 121

1. *മാമാങ്കം*
2. *രേവതി പട്ടത്താനം*
3. *കൂനൻ കുരിശു ലഹള*


ഒന്ന്

# ചെങ്കുട്ടുവൻ

**കേ**രള ചരിത്ര രചനയക്ക്, പല പഴയരേഖകൾ, പുരാതന സാധന സാമഗ്രികൾ, രാജശാസനങ്ങൾ, ചെമ്പുതകിടുകൾ, ശിലാശാസനങ്ങൾ, പുരാതന നാണയങ്ങൾ, കോട്ടകൾ, കൊത്തളങ്ങൾ തുടങ്ങി അനേകം കാര്യങ്ങൾ ചരിത്രകാരന്മാർ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. ഇവയു ടെയെല്ലാം കാലം നിർണ്ണയിച്ച് വിവരങ്ങൾ ശേഖരിച്ചാണ് ചരിത്രം ചിട്ട യായി എഴുതിയിട്ടുള്ളത്. അതിപുരാതനകാലം മുതൽ, ഇടയ്ക്ക് ക്രിസ്താബ്ദം ആദ്യ നാലുനൂറ്റാണ്ടുകാലത്തെ ഒഴിച്ച് തുടർന്നിങ്ങോട്ടുള്ള കേരളചരിത്രം എഴുതാനുള്ള വിവരങ്ങൾ നമുക്ക് ലഭിച്ചു. ക്രിസ്താബ്ദം ആദ്യ നാലുനൂറ്റാണ്ടിന്റെ കേരള ചരിത്ര രചനയ്ക്ക്, പണ്ട് മധുരയിൽ നിലനിന്നിരുന്ന സാഹിത്യ അക്കാദമി പോലുള്ള "സംഘങ്ങൾ" രചിച്ച കാവ്യങ്ങളെ നമുക്കാശ്രയിക്കേണ്ടി വന്നു. ഈ സംഘങ്ങളുടെ മേൽനോട്ട ത്തിൽ രചിക്കപ്പെട്ട *പതിറ്റുപ്പത്ത്, പത്തുപ്പാട്ട്, നറ്റിനൈ, കുറുന്തൊകൈ, അകനാനൂറ്, പുറനാനൂറ്, ചിലപ്പതികാരം* എന്നീ കാവ്യങ്ങളിൽ നിന്ന് അക്കാലത്ത് ദക്ഷിണേന്ത്യയിലെ പ്രധാന രാജ്യങ്ങളായ ചേര, ചോള, പാണ്ഡ്യ തുടങ്ങിയവയുടെ ചരിത്ര വിവരങ്ങൾ ലഭിക്കുന്നുണ്ട്. ഈ കാവ്യ ങ്ങളിൽ പത്തുപാട്ട്, പതിറ്റുപ്പത്ത്, ചിലപ്പതികാരം, അകനാനൂറ് തുടങ്ങിയ കൃതികളിൽ നിന്ന് കേരളത്തിൽ ക്രിസ്താബ്ദം ആദ്യനൂറ്റാണ്ടുകളിൽ ഭരണം നടത്തിയിരുന്ന ചേര, ആയ്, ഏഴിമല രാജാക്കന്മാരുടെ കാര്യങ്ങൾ നമുക്ക് കൂടുതലായി മനസ്സിലാക്കാം. പ്രസിദ്ധ കവികളായ പാണർ, പര ണർ, ഗൗതമനാർ, കപ്പിയാട്ടുകപ്പിയനാർ, ഇളങ്കോഅടികൾ തുടങ്ങയവ രാണ് മേൽ സൂചിപ്പിച്ച കാവ്യങ്ങൾ രചിച്ചത്. ഇളങ്കോഅടികൾ രചിച്ച '*ചിലപ്പതികാരം*' ഖണ്ഡകാവ്യത്തിൽ കണ്ണകിയുടേയും, കോവിലന്റെയും ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്നതോടൊപ്പം, അക്കാലത്തെ, ചേര, ചോള, പാണ്ഡ്യ രാജ്യങ്ങളിലെ സ്ഥിതികളെക്കുറിച്ചും നമുക്ക് ചില സുപ്ര ധാന ചരിത്ര വിവരങ്ങൾ ലഭിക്കുന്നുണ്ട്. പതിറ്റുപ്പത്തു, പത്തുപാട്ട് എന്ന